ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന തുക, "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്" എന്ന പുതിയ ശീർഷകത്തിൽ നിന്നാ വഭ്യമാക്കുന്നതാണ്.

(ബി) 29-7-2015-ന് ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് കേന്ദ്രാനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചത്. 12-8-2015-നാണ് കേന്ദ്രാനുമതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചത്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നാ മറുപടി ലഭിച്ചിട്ടില്ല.

പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ്

383 (1468) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ;

(ബി) പാപ്പിനിശ്ശേരി ഗേറ്റ് പൂർണ്ണമായി അടച്ചിടുമ്പോൾ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഗണിച്ച് നിർമ്മാണ പ്രവൃത്തി പരമാവധി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) താവം, പാപ്പിനിശ്ശേരി മേൽപ്പാലങ്ങളുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പാപ്പിനിശ്ശേരി-പിലാത്തറ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നാൽപ്പത് ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പരമാവധി വേഗത്തിലാക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെയും താവം, പാപ്പിനിശ്ശേരി മേൽപ്പാലങ്ങളുടെയും നിർമ്മാണം 2016 ജൂണിന് പൂർത്തീകരിക്കുവാനാണ് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്.

നെടുമ്പുക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം

384 (1469) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പുക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടിട്ട് എത്രകാലമായെന്നു പറയാമോ ; ഇതിന്റെ നിർമ്മാണം പുനരാരംഭിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെട്ടുവക്കാട്-വിളക്കോട് പാലത്തിന്റെ നിർമ്മാണത്തിന് ഈ സർക്കാർ എത്ര തുക അനുവദിച്ചു വന്നു അറിയിക്കാമോ; ഈ അനുവദിച്ച തുകയിന്റെ വിശദീകരിക്കാമോ;

(സി) നിശ്ചയമായ ആവശ്യങ്ങൾ ഉയർന്നിട്ടും തെട്ടുവക്കാട്-വിളക്കോട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) തെട്ടുവക്കാട്-വിളക്കോട് പാലത്തിന്റെ നിർമ്മാണത്തിന് സമയബന്ധിതമായി പണം അനുവദിക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ ഉടൻ തന്നെ ആരംഭിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം 3-12-2008-ൽ നിർത്തിവച്ചതാണ്. പാലത്തിന്റെ ഡിസൈനിൽ മാറ്റങ്ങൾ വരുത്തിയശേഷം ആവശ്യമായ തുക ലഭ്യമാകുന്നതിനനുസരിച്ചാണ് പ്രവൃത്തി നിർത്തി വച്ചത്. പാലം നിർമ്മാണത്തിനായി 2014-ൽ തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി&ഡി) സാമ്പത്തിക വർഷം തന്നെ പണം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ തുടർ നടപടി സ്വീകരിക്കാൻ കഴിയും.

ഗ്രാമീണറോഡുകളുടെ ശോചനീയാവസ്ഥ

385 (1470) ശ്രീ. പി. ഉണ്ണിരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എന്ത് തുക ചെലവഴിക്കുമെന്നും ഏതൊക്കെ ആഴ്ചയിൽ നിന്നും എന്ന് മുതൽ പ്രവൃത്തി ആരംഭിക്കുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ നിലവിലെ ശോചനീയാവസ്ഥ ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 7-1-2012 തീയതിയിലെ ജി.ഒ.(പി) നമ്പർ 05/12/തദ്ദേ.സ്വ.ഭ.വ. പ്രകാരം 8570 കിലോമീറ്റർ ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly